**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ - ഓംബുഡ്സ്മാന്റെ ഔദ്യോഗിക വാഹനമായ കെ.എൽ.01. - ബി.ജെ.1818 നമ്പർ ടൊയോട്ട കൊറോള ആൾട്ടിസ് കാർ ഉപയോഗയോഗ്യമല്ലാത്തതിനാൽ കണ്ടം ചെയ്യുന്നതിനുള്ള അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1215/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 13/06/2019**

---

പരാമർശം:- 1. ജി.ഒ.(എം.എസ്) നം. 110/76/പി.ഡബ്ല്യു തീയതി 10/05/1976

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറിയുടെ 23.11.2018 തീയതിയിലെ എ 1/4367/2011/ഒബിഡിഎൻ നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന്റെ ഔദ്യോഗിക വാഹനമായ കെ.എൽ.01. - ബി.ജെ.1818 നമ്പർ ടൊയോട്ട കൊറോള ആൾട്ടിസ് കാർ ആഗസ്റ്റ് മാസത്തിലെ പ്രളയത്തിലകപ്പെട്ട് തകരാറിലായെന്നും ടി വാഹനം ഇനി ലാഭകരമായി ഉപയോഗിക്കാൻ സാധ്യമല്ലെന്നും ആയത് ഉപയോഗയോഗ്യമല്ലാത്തതിനാൽ വിൽപ്പന നടത്തുന്നതാണ് നല്ലതെന്നും കോഴിക്കോട് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സർട്ടിഫിക്കറ്റ് നല്കിയതായി ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറി പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ചാലക്കുടി പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ KFC Form 21 സർവ്വേ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ് പ്രകാരം വാഹനത്തിന് അടിസ്ഥാന വിൽപ്പന വിലയായി 80,000/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നതെന്നും പ്രസ്തുത സാഹചര്യത്തിൽ ടി വാഹനം ഉപയോഗയോഗ്യമല്ലാത്തതിനാൽ കണ്ടം ചെയ്യുന്നതിനുള്ള പ്രത്യേക അനുമതി അടിയന്തിരമായി നൽകണമെന്നും ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന്റെ ഔദ്യോഗിക വാഹനമായ കെ.എൽ.01. - ബി.ജെ.1818 നമ്പർ ടൊയോട്ട കൊറോള ആൾട്ടിസ് കാർ അടിസ്ഥാന വിൽപ്പന വിലയായ 80,000/- രൂപയ്ക്ക് (എൺപതിനായിരം രൂപ മാത്രം) കണ്ടം ചെയ്യുവാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി. നാഗേന്ദ്രൻ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**